**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1635** **08-02-2023 - ൽ മറുപടിയ്ക്ക്**

**നാളികേര കർഷകർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നാളികേര കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി , അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുന്നതും , നിലവിലുള്ള തെങ്ങിൻ തോട്ടങ്ങൾ പരിപാലിക്കുന്നതുമാണ് 2022-23 വർഷത്തിൽ നാളികേര വികസന പദ്ധതിയിൽ ലക്ഷ്യമിടുന്നത് . അതിന്റെ ഭാഗമായി , സമഗ്രമായ നാളികേര പുനരുദ്ധാരണ - പുനഃ നടീൽ പരിപാടികൾ എന്നിവ ഉൾപ്പെടുത്തി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട് . ഇതിനായി 7390.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് . പദ്ധതിയിലെ ഘടങ്ങൾ ചുവടെ ചേർക്കുന്നു :<br><br>**a)കേരഗ്രാമം ഒന്നാം വർഷം പ്രവർത്തനങ്ങൾ:**<br><br>2022-23 വർഷത്തിൽ , ഒന്നാം വർഷം 100 ഹെ വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിന് തടമെടുക്കൽ, കുമ്മായംചേർക്കൽ, തൊണ്ട് അടുക്കൽ, ഇടവിളകൃഷി പ്രോൽസാഹിപ്പിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനം, എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഒരു കേരഗ്രാമത്തിനു 25 .67 ലക്ഷം രൂപ ധനസഹായം നൽകുന്നു.**സംസ്ഥാന പ്ലാൻ വിഹിതം ഒന്നാം വർഷം 100കേരഗ്രാമങ്ങൾക്ക് 2567.0 ലക്ഷം രൂപ.**<br><br>**b)കേര രക്ഷാവാരം** : |

തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂർ വർദ്ധിപ്പിക്കുവാൻ പച്ചിലവളവിത്ത് (പയർ,ഡൈഞ്ച,ചണമ്പ് ) Rs .6.25/തെങ്ങ് എന്ന സബ്സിഡി നിരക്കിൽ നൽകുന്നു. കൂടാതെ ശീമക്കൊന്ന വെച്ചുപ്പിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ശീമക്കൊന്ന കമ്പുകൾ രണ്ടു രൂപ സബ്സിഡി നിരക്കിൽ നൽകുന്നു.മണ്ട വൃത്തിയാക്കൽ, തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങളും (പ്രത്യകിച്ച് കൊമ്പൻ ചെല്ലി, ചെമ്പൻചെല്ലി), രോഗങ്ങളും അവയുടെ നിയന്ത്രണം മാർഗ്ഗങ്ങൾ എന്നിവക്കുറിച്ചുള്ള പരിശീലനം നൽകുന്നു. **സംസ്ഥാന പ്ലാൻ വിഹിതം 433ലക്ഷം രൂപ**

**c)കേരഗ്രാമം രണ്ടാം വർഷം** :

2022-23 വർഷത്തിൽ , 84 കേരഗ്രാമങ്ങൾക്ക് രണ്ടാം വർഷ ധനസഹായം നൽകുന്നു.

i)തെങ്ങിൻ തോപ്പുകളുടെ സംയോജിത പരിപാലനം( 19.75 ലക്ഷം )

ii)പഞ്ചായത്തുതല കേരസമിതികൾക്കുള്ള ധനസഹായം (0.2 ലക്ഷം )

iii) കൃഷി ഭവനുകളുടെ പ്രവർത്തന ചെലവ് കേരഗ്രാമം(0.0500ലക്ഷം)

**സംസ്ഥാന പ്ലാൻ വിഹിതം രണ്ടാം വർഷം കേരഗ്രാമങ്ങൾക്ക് 1680 ലക്ഷംരൂപ**

**d)കേരഗ്രാമം മൂന്നാം വർഷം:**

2022-23 വർഷത്തിൽ ,15 കേരഗ്രാമങ്ങൾക്ക് മൂന്നാം വർഷ ധനസഹായംനൽകുന്നു.

തെങ്ങിൻ തോപ്പുകളുടെ വളമിടീൽ- ജൈവവളം/ രാസവളം (6.00 ലക്ഷം/ കേരഗ്രാമം). **സംസ്ഥാന പ്ലാൻ വിഹിതം മൂന്നാം വർഷം കേരഗ്രാമങ്ങൾക്ക് 90 ലക്ഷംരൂപ**

**e) നാളികേര വികസന കൗൺസിലിന്റെ ഭാഗമായി നല്ല ഇനം തെങ്ങിൻ തൈകളുടെ വിതരണം:**

തെങ്ങിന്റെ വിസ്തൃതിവ്യാപനം ലക്ഷ്യമിട്ടു 10 വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി 2018 മുതൽ 2028 വരെ , മുന്തിയഇനം തെങ്ങിൻതൈകൾ (നെടിയ ഇനം ,കുറിയ ഇനം,സങ്കരയിനം )50 % സബ്സിഡി നിരക്കിൽ കർഷകർക്ക് നല്കുന്നു. സർക്കാർ സ്ഥാപനങ്ങളായ കൃഷി വകുപ്പ് ഫാമുകൾ,കേരള കാർഷിക സർവകലാശാലയുടെ സെന്ററുകൾ ,

ആറളം ഫാർമിംഗ് കോർപറേഷൻ, നാളികേര വികസന ബോർഡ് എന്നിവിടങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന തെങ്ങിൻതൈകൾ ആണ് കർഷകർക്ക് നൽകുന്നത് . 2022-23 വർഷത്തിൽ 12,63,531 എണ്ണം തെങ്ങിൻ തൈകൾ ആണ് വിതരണം ചെയ്തിട്ടുള്ളത് . **സംസ്ഥാന പ്ലാൻ വിഹിതം 820.3191 ലക്ഷംരൂപ**

**f)വിത്ത് തേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവും .**

വിത്ത് തേങ്ങാ സംഭരണ കാലയളവിൽ 16 .5 ലക്ഷം നെടിയ വിത്ത് തേങ്ങയും , 1 .5 ലക്ഷം കുറിയഇനം വിത്ത് തേങ്ങയും, 2 ലക്ഷം സങ്കരയിനം വിത്ത് തേങ്ങയുംആകെ 20 ലക്ഷം വിത്ത് തേങ്ങ കർഷകരിൽ നിന്നും സംഭരിക്കുന്നതാണ് . നെടിയ,കുറിയഇനം വിത്ത് തേങ്ങക്ക് ഒന്നിന് 70 രൂപപ്രകാരവും സങ്കരയിനം വിത്ത് തേങ്ങക്ക് 75 രൂപ പ്രകാരവും വില നൽകിയാണ് കർഷകരിൽ നിന്നും ശേഖരിക്കുന്നത് . ഈയിനത്തിൽ **1410 ലക്ഷം** രൂപ കർഷകർക്ക് നൽകുന്നതാണ് .

സംസ്ഥാന സർക്കാർ നാളികേര കർഷകരെ സഹായിക്കുവാൻ പച്ചത്തേങ്ങയുടെയും കൊപ്ര യുടെയും സംഭരണ നടത്തുന്നു.

i)**പച്ചത്തേങ്ങ സംഭരണം**

നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14.01.2022 ലെ സ.ഉ. (കൈ) നം. 3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്നേരിട്ടും, സഹകരണ സംഘങ്ങൾ / FPO മുഖേനയും, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) മുഖേനയും പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചു വരുന്നത്. 02/02/2023 വരെ 23,332 കർഷകരിൽ നിന്നും 8443.285 MT പച്ചത്തേങ്ങ കേരഫെഡ് സംഭരിച്ചിട്ടുണ്ട്. **2023-24 സംസ്ഥാന ബഡ്ജറ്റിൽ പച്ചത്തേങ്ങയുടെ സംഭരണ വില 34/- രൂപയായി ഉയർത്താൻ ശുപാർശയുണ്ട്.**

**ii)കൊപ്ര സംഭരണം**

2022 സീസണിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കൊപ്രയുടെ താങ്ങുവില(പി.എസ്.സി) പദ്ധതി 2022 പ്രകാരം കേരളത്തിലെ കർഷകരിൽ നിന്നും

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് വേണ്ടി നിലവിൽ മാർക്കറ്റ്ഫെഡിനെയാണ് സ്റ്റേറ്റ് ലെവൽ ഏജൻസി(SLA) ആയി പ്രഖ്യാപിച്ച് പ്രവർത്തനങ്ങൾ നടത്തുന്നത്. സംഘങ്ങൾ കൊപ്രാ കർഷകരിൽ നിന്നും സംഭരിക്കുന്നതിനോടൊപ്പം പച്ചത്തേങ്ങയും സംഭരിച്ച് കൊപ്രയാക്കി മാർക്കറ്റ്ഫെഡിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ